# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 24.02.2026**

1. സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്ന നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം.

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് നാളെ തുടക്കം. ഇസ്രയേൽ പാർലമെൻറിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

3. പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. കേരള നേറ്റിവിറ്റി കാർഡ് ബിൽ സഭ പാസ്സാക്കി.

4. പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള പ്രായപരിധി ദീർഘിപ്പിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം.

5. സംസ്ഥാനത്ത് ലൈഫ് മിഷനിലൂടെ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു.

6. സ്ത്രീകൾക്ക് രാത്രികാല സുരക്ഷ ഉറപ്പുവരുത്തുന്ന കേരള പൊലീസിന്റെ 'നിർഭയ നിശ' പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി.

RNU TVPM

*************************************

## കേരളം പേരുമാറ്റ ബിൽ, 2026(ഇൻട്രോ)

സംസ്ഥാനത്തിന്റെ പേര് കേരളം എന്നാക്കി മാറ്റുന്ന നിർദ്ദേശത്തിന് കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരം. കേരള എന്നത് മാറ്റി കേരളം ആക്കിക്കൊണ്ടുള്ള പേരുമാറ്റ ബില്ലിൽ രാഷ്ട്രപതി സംസ്ഥാന നിയമസഭയുടെ അഭിപ്രായം തേടും. ഇതിന് ശേഷം കേന്ദ്രസർക്കാർ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. സംസ്ഥാനത്തിൻറെ ദീർഘകാല ആവശ്യമാണ് ഇതിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

(ഹോൾഡ് വോയിസ്)

സംസ്ഥാനത്തിൻറെ പേര് കേരളം എന്നാക്കി മാറ്റണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന പ്രമേയത്തിന് 2024 ൽ സംസ്ഥാന നിയമസഭ അംഗീകാരം നൽകിയിരുന്നു. പ്രധാനമന്ത്രിയുടെ പുതിയ ഓഫീസായ സേവാ തീർത്ഥിൽ ചേർന്ന ആദ്യ മന്ത്രിസഭാ യോഗമാണ് ഇന്ന് നടന്നത്. സേവതീർത്ഥിനെ ജനകേന്ദ്രീകൃത ഭരണത്തിൻറെ ആഗോള മാതൃകയാക്കി മാറ്റുമെന്ന സേവാ സങ്കൽപ് പ്രമേയത്തിനും മന്ത്രിസഭ അംഗീകാരം നൽകി..

RNU TVPM

********************************

## പ്രധാനമന്ത്രി -ഇസ്രായേൽ

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ രണ്ട് ദിവസത്തെ ഇസ്രായേൽ സന്ദർശനത്തിന് നാളെ തുടക്കം. ഇസ്രായേൽ പ്രധാനമന്ത്രി ബെന്യമിൻ നെതന്യാഹുവുമായി അദ്ദേഹം ടെൽ അവീവിൽ കൂടിക്കാഴ്ച നടത്തും. ഇരു രാജ്യങ്ങൾക്കുമിടയിലെ നിരവധി കരാറുകൾക്ക് കൂടിക്കാഴ്ചയിൽ അന്തിമ രൂപമാവും. സന്ദർശനത്തിൻറെ ആദ്യദിനത്തിൽ, ഇസ്രയേൽ

പാർലമെൻറ് നെസെറ്റിനെ പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.

*******************************

## മന്ത്രിസഭ

പി.എസ്.സി നിയമനത്തിന് അപേക്ഷിക്കാനുള്ള നിലവിലുള്ള പ്രായപരിധിയിൽ 4 വർഷത്തെ വർദ്ധനവ് വരുത്തി സംസ്ഥാന മന്ത്രിസഭ. ജനറൽ വിഭാഗത്തിന് നിലവിലുള്ള പ്രായപരിധി 36 എന്നത് 40 ആയി ഉയർത്തി. പ്രായപരിധിയിൽ ഇളവ് ലഭ്യമായ മറ്റ് വിഭാഗക്കാർക്കും തത്തുല്യമായ വർദ്ധനവ് ലഭ്യമാകും.പ്രകൃതിദുരന്തങ്ങൾകാരണം വാസസ്ഥലങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങളിൽ നിന്ന് സാമ്പത്തികസുരക്ഷ ഉറപ്പാക്കുന്നതിനായി സംസ്ഥാനത്ത് സമഗ്ര ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പാക്കാനും മന്ത്രിസഭ തീരുമാനിച്ചു.

*******************************

RNU TVPM

## നിയമസഭ (ഇൻട്രോ)

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനം പൂർത്തിയാക്കി സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞു. ശബരിമല വിഷയത്തിൽ സഭ ഇന്നും പ്രക്ഷുബ്ധമായിരുന്നു. കേരള നേറ്റിവിറ്റി കാർഡ് ബിൽ ഉൾപ്പെടെ 9 ബില്ലുകൾ സഭ പാസ്സാക്കി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(ഹോൾഡ്)

2022-23, 2023-24 കാലയളവിലെ സി.എ.ജി ഓഡിറ്റ് റിപ്പോർട്ടുകൾ നിയമസഭയുടെ മേശപ്പുറത്ത് വച്ചു.

സംസ്ഥാനത്തിൻറെ റവന്യൂ, തനത് വരുമാനങ്ങളിൽ വർദ്ധനയുണ്ടായതായി റിപ്പോർട്ടിൽ പരാമർശമുണ്ട്.

********************************

## ലൈഫ് മിഷൻ

സംസ്ഥാനത്ത് ലൈഫ് മിഷനിലൂടെ അഞ്ചുലക്ഷം വീടുകൾ പൂർത്തീകരിച്ചതിന്റെ ഔദ്യോഗിക പ്രഖ്യാപനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. വീട് എന്ന ആവശ്യത്തിൻറെ പൊതുവായ സ്വഭാവം മനസിലാക്കിയാണ് ലൈഫ് മിഷൻ എന്ന ആശയത്തിന് സർക്കാർ രൂപം നൽകിയതെന്ന് മുഖ്യമന്ത്രി ചടങ്ങിൽ പറഞ്ഞു. 2017 മെയ് 23-ന് പ്രഖ്യാപിച്ച ലൈഫ് പദ്ധതിയിലൂടെ ഇതുവരെ 6 ലക്ഷത്തി 4,000 വീടുകളാണ് അനുവദിച്ചത്. ഇതിൽ അഞ്ചു ലക്ഷത്തിൽ 364 വീടുകളുടെ നിർമാണമാണ് പൂർത്തീകരിച്ചത്.

RNU TVPM

********************************

## നിർഭയ നിശ

സ്ത്രീകൾക്ക് രാത്രികാല സുരക്ഷ ഉറപ്പുവരുത്തുന്ന കേരള പൊലീസിന്റെ 'നിർഭയ നിശ' പദ്ധതിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് തുടക്കം കുറിച്ചു. ഏതൊരു സ്ത്രീക്കും ഒട്ടും ഭയമോ ആശങ്കയോ എല്ലാതെ ഏതു ഭാഗത്തും സഞ്ചരിക്കാൻ കഴിയുക എന്നത് ഏറ്റവും പ്രധാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. നിർഭയ നിശ പദ്ധതിയുടെ ഭാഗമായി സ്ത്രീകൾ അധികമായി യാത്രചെയ്യുന്ന തിരക്കുള്ള നഗരപ്രദേശങ്ങളിൽ എ.ഐ ക്യാമറകളും, അപകട വേളകളിൽ പൊതുസമൂഹത്തിൻ്റെ ശ്രദ്ധ ആകർഷിക്കാനായി സേഫ്റ്റി പോളുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

********************************

## നവകേരള സർവേ -ഹൈക്കോടതി

നവകേരള സർവേ റദ്ദാക്കിയ ഹൈക്കോടതി ഉത്തരവ് സ്റ്റേ ചെയ്ത് സുപ്രിംകോടതി. സംസ്ഥാന സർക്കാർ നടത്തിയ ക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ വിലയിരുത്തുന്നതിൽ എന്താണ് അപാകതയെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് ആരാഞ്ഞു.

********************************

## ഹൈക്കോടതി -വാട്ട്സ്ആപ്

സംസ്ഥാന സർക്കാർ ജീവനക്കാർക്ക് മുഖ്യമന്ത്രിയുടെ ഓഫിസിന്റെ വാട്ട്സ്ആപ് അക്കൗണ്ടിൽ നിന്നും സന്ദേശം അയച്ചതിൽ പ്രഥമ ദൃഷ്ട്യാ സ്വകാര്യത ലംഘനം ഉണ്ടായതായി ഹൈക്കോടതി പരാമർശം. ഫോൺ നമ്പറുകൾ നിയമപരമായ മാർഗ്ഗങ്ങളിലൂടെയാണോ ലഭിച്ചതെന്ന് അറിയിക്കാൻ സർക്കാരിന് കോടതി വെള്ളിയാഴ്ച വരെ സമയം നൽകി.

RNU TVPM

********************************

## പമ്പ ബ്ലോക്ക്

സംസ്ഥാനത്തെ ജനപ്രതിനിധികൾക്കായി നിയമസഭാ ഹോസ്റ്റൽ വളപ്പിൽ നിർമ്മിച്ച പുതിയ ഫ്ലാറ്റ് സമുച്ചയമായ 'പമ്പ ബ്ലോക്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. നിയമസഭാംഗങ്ങളുടെ പ്രവർത്തനക്ഷമത വർധിക്കാനുതകുന്ന തരത്തിലാണ് ആധുനിക സജ്ജീകരണത്തോടെ പമ്പ ബ്ലോക്ക് നിർമ്മിച്ചിരിക്കുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. അമ്പത് വർഷത്തിലേറെ പഴക്കമുള്ള പഴയ മന്ദിരം പൊളിച്ചുനീക്കിയാണ് പുതിയ ഹൈടെക് സമുച്ചയം നിർമ്മിച്ചിരിക്കുന്നത്.

********************************

## തുരങ്കപാതക്ക് ക്ലിയറൻസ്

നിർമ്മാണം പുരോഗമിക്കുന്ന ആനയ്ക്കാംപൊയിൽ കള്ളാടി മേപ്പാടി തുരങ്കപ്പാതയ്ക്ക് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 2 ക്ലിയറൻസ് ലഭ്യമായി. തുരങ്കപാത നിർമാണവുമായി ബന്ധപ്പെട്ട അവസാനഘട്ട അനുമതിയാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നതെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ് അറിയിച്ചു. .

## വയനാട് - തുര ങ്കപാത (ഇൻട്രോ)

കള്ളാടി–ആനക്കാംപൊയിൽ തുരങ്കപാത പദ്ധതിയുടെ ഭാഗമായി പാറ തുരക്കുന്നതിന് മുന്നോടിയായി മനുഷ്യ നിർമ്മിത കവചം സ്ഥാപിക്കുന്ന പ്രവർത്തികൾ മീനാക്ഷി ബ്രിഡ്ജിൽ ആരംഭിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജി ല്ലാ പ്രതിനിധി അരുൺ വിൻസെന്റ്.........**

(ഹോൾഡ്)

RNUTVPM

*******************************

## തീവ്ര വോട്ടർ പട്ടിക

സംസ്ഥാനത്ത് ഈ വർഷം ജനുവരി ഒന്നിന് 18 വയസ്സ് പൂർത്തിയായി തീവ്ര വോട്ടർ പട്ടിക പരിഷ്കരണ സമയത്ത് പേര് ചേർക്കാൻ സാധിക്കാത്തവർക്ക് പട്ടികയിൽ പേര് ചേർക്കാൻ അവസരം. voters.eci.gov.in എന്ന വെബ്സൈറ്റിലൂടേയോ ECINET മൊബൈൽ ആപ്പ് വഴിയോ ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫീസർ വഴിയോ അപേക്ഷിക്കാവുന്നതാണ്. തിരഞ്ഞെടുപ്പിനായി നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന തീയതി വരെയാണ് വോട്ടർ പട്ടികയിൽ പേര് ചേർക്കാൻ അവസരമുള്ളത്.

********************************

## ഉച്ചഭാഷിണി നിയന്ത്രണം

ഉത്സവങ്ങളിലും ആഘോഷങ്ങളിലും ഉച്ചഭാഷിണി ഉപയോഗിക്കുന്നതിന് കർശന നിയന്ത്രണം പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി. രാത്രി 10 മണിക്കു ശേഷം മൈക്ക് പ്രവർത്തിപ്പിക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ടെന്നും കളക്ടർ അറിയിച്ചു. പൊതുജനങ്ങൾക്ക് അസൗകര്യമുണ്ടാക്കുന്ന രീതിയിൽ സ്പീക്കറുകൾ സ്ഥാപിച്ചിരിക്കുന്നതോ അനുവദിച്ചിട്ടുള്ളതിലും കൂടുതലായി ശബ്ദമുണ്ടാക്കുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടികൾ സ്വീകരിക്കണമെന്നും പോലീസിന് നിർദേശം നൽകി.

********************************

## മേയർ വി വി രാജേഷ്

2030 ഓടെ തിരുവനന്തപുരത്തെ രാജ്യത്തെ ഏറ്റവും മികച്ച നഗരമാക്കുമെന്ന് മേയർ വി വി രാജേഷ്. ബജറ്റ് അവതരണത്തിന് മുന്നോടിയായുള്ള ആമുഖ പ്രസംഗത്തിൽ സംസാരിക്കുകയായിരുന്നു മേയർ. കോമൺവെൽത്ത് ഗെയിംസ് പോലെയുള്ള ആഗോള കായിക മത്സരങ്ങൾക്ക് വേദിയാകാൻ ലക്ഷ്യമിട്ടുള്ള അന്താരാഷ്ട്ര ഓഫീസ് തിരുവവനന്തപുരത്ത് ആരംഭിക്കുമെന്ന് ഡെപ്യൂട്ടി മേയർ ആശാനാഥ് ബജറ്റ് പ്രസംഗത്തിൽ പറഞ്ഞു.

PRD TVPM

********************************

## ആക്കുളം-ചേറ്റുവ ജലപാത

280 കിലോമീറ്റർ ദൈർഘ്യമുള്ള ആക്കുളം-ചേറ്റുവ ജലപാതയുടെ ആദ്യ ഘട്ടം മറ്റെന്നാൾ വർക്കലയിലെ ചിലക്കൂർ

ബീച്ച് പാർക്കിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മൾട്ടി-മോഡൽ ലോജിസ്റ്റിക് ഹബ്ബ്, രാജ്യത്തെ മുൻനിര ജലാധിഷ്ഠിത ടൂറിസം കേന്ദ്രം എന്നീ നിലകളിലുള്ള കേരളത്തിൻറെ വളർച്ചയെ ഇത് വേഗത്തിലാക്കും.

*******************************

## രഞ്ജി ട്രോഫി ക്രിക്കറ്റ്

രഞ്ജി ട്രോഫി ക്രിക്കറ്റ് ഫൈനലിൻറെ ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ കർണാടകയ്ക്ക് എതിരെ ജമ്മു കശ്മീർ രണ്ട് വിക്കറ്റിന് 284 റൺസ് എന്ന നിലയിൽ. കർണാടകയിലെ ഹുബ്ബള്ളിയിലാണ് മത്സരം നടക്കുന്നത്.

*******************************

## എകദിന വനിതാ ക്രിക്കറ്റ്

ബ്രിസ്ബേനിൽ നടന്ന എകദിന വനിതാ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യയെ ആറ് വിക്കറ്റിന് പരാജയപ്പെടുത്തി ഓസ്ട്രേലിയ. ഇന്ത്യ മുന്നോട്ട് വച്ച 215 റൺസ് വിജയലക്ഷ്യം 39-ആം ഓവറിൽ ഓസിസ് മറികടന്നു.

RNU TVPM

*******************************

## ടി–20 ക്രിക്കറ്റ് ലോകകപ്പ്

ടി–20 ക്രിക്കറ്റ് ലോകകപ്പിൽ സൂപ്പർ- 8 ഗ്രൂപ്പ് 2 മത്സരത്തിൽ ഇംഗ്ലണ്ട് ഇന്ന് പാകിസ്ഥാനെ നേരിടും. ശ്രീലങ്കയിൽ രാത്രി ഏഴിനാണ് മത്സരം.

*

****************

*********************************************